മംഗളം

19 July 2017

സി. എം. എഫ്. ആർ. ഐ.

# ദേശീയ മത്സ്യമേഖല വികസന സൂചിക തയാറാക്കണം: മനാഷ് ചൗധുരി

കൊച്ചി: സമുദ്രമത്സ്യ മേഖലയിൽ വിവിധ സംസ്ഥാനങ്ങളിലെ വികസന തോത് മനസിലാക്കാൻ സി.എം.എഫ്. ആർ.ഐ. ദേശീയ സമുദ്രമത്സ്യമേഖലാ വികസന സൂചിക തയാറാക്കണമെന്ന് നീതി ആയോഗ് ഡെപ്യൂട്ടി അഡ്വൈസർ മനാഷ് ചൗധുരി. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനുമായുള്ള ചർച്ചയിലാണ് ഇന്ത്യൻ മത്സ്യമേഖലയുടെ സമഗ്രവികസനത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കാൻ മനാഷ് ചൗധുരി സി.എം.എഫ്. ആർ.ഐയോട് അഭ്യർഥിച്ചത്.

ദേശീയ സമുദ്രമത്സ്യ വികസന പദ്ധതി രൂപീകരിക്കണമെന്നതാണ് മറ്റൊരു നിർദേശം. ബ്ലൂ ഇക്കോണമിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സാഗർമാല പദ്ധതിയിലെ നിർദേശങ്ങൾക്ക് അനുസൃതമായാണ് വികസന പദ്ധതി തയാറാക്കേണ്ടത്. സമുദ്രജൈവവൈവിധ്യങ്ങളുടെ സാധ്യതയും പരിമിതികളും പഠനവിധേയമാക്കി വികസന പദ്ധതി രൂപകൽപന ചെയ്യണം.

സമുദ്രസമ്പത്തിൽ ചിലത് ഇനിയും ഉപയോഗിക്കപ്പെടാതെ പോകുന്നതിന്റെ കാരണം മനസിലാക്കണം. സമുദ്രജലകൃഷിയിൽ സ്വകാര്യ നിക്ഷേപത്തിന് തടസമാകുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദേശിക്കാനും വികസനപദ്ധതിക്ക് കഴിയണം അദ്ദേഹം പറഞ്ഞു.

സി.എം.എഫ്.ആർ.ഐയുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ സംസ്ഥാനങ്ങളിലെ സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട പഠന നിർദേശങ്ങൾ, നയരൂപീകരണം, വികസനരേഖ തുടങ്ങിയവ രാജ്യത്തെ സമുദ്രമത്സ്യോൽപാദനം വർധിപ്പിക്കാൻ സഹായകരമാണ്. വരുമാനം, ഭൗതിക സാഹചര്യം, സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണം, സമുദ്രസമ്പത്തിന്റെ ലഭ്യത എന്നിവ അടിസ്ഥാനമാക്കിയാണ് നയരൂപീകരണങ്ങൾ നടത്തേണ്ടത്. ഇത്തരം നയങ്ങൾ രൂപപ്പെടുത്തുമ്പോൾ കേന്ദ്ര സർക്കാർ ഈയിടെ പുറത്തിറക്കിയ ദേ
ശീയ സമുദ്രമത്സ്യ നയവുമായ
വൈരുധ്യമില്ലാതെ നോക്കണ
സി.എം.എഫ്.ആർ.ഐയു
സാങ്കേതിക വിദ്യ മതിയായ
തിയിൽ പ്രയോജനപ്പെടുത്ത
കയാണെങ്കിൽ 2022 ഓടെ ന
ല് ലക്ഷം ടൺ മത്സ്യം കൂടു
ത്സ്യകൃഷിയിലൂടെ രാജ്യത്ത
ഉൽപാദിപ്പിക്കാനാകുമെന്ന
ണ് പ്രതീക്ഷിക്കുന്നത്.

ഇതിനായി, മത്സ്യവിത്ത്
തീറ്റ, നിക്ഷേപത്തിനാവശ്യമ
യ മറ്റ് കാര്യങ്ങൾ എന്നിവയ
ടെ സാമ്പത്തിക അവലോകന
അനിവാര്യമാണ്.

കുടുംബശ്രീ യൂണിറ്റുകള
ടെ പങ്കാളിത്തത്തോടെ കേര
ത്തിൽ കൂടുമത്സ്യകൃഷി വൻവ
ജയമാക്കാമെന്നും മനാഷ് ച
ധുരി പറഞ്ഞു.